## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3887. 27.06.2012-ൽ മറുപടിയ്ക്ക്**

**കോട്ടപ്പടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വൃക്കരോഗ സാധ്യതയുള്ളവരുടെ എണ്ണം അപകടകരമായ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അപകടകരമായ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗം മേധാവിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലും എടവണ്ണ പഞ്ചായത്തിലും വൃക്കരോഗ നിർണ്ണയ ക്യാമ്പുകൾ നടത്തിയിരുന്നു. ഇതു പ്രകാരം വൃക്ക രോഗത്തിന്റെ തോത് 10% വർദ്ധിച്ചതായി കാണുന്നുണ്ട്. |
| (സി) | രോഗസാധ്യത വർദ്ധിക്കുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; | (സി) | എല്ലാ ജില്ലകളിലും ബോധവൽക്കരണ പരിപാടികളും, രോഗമുള്ളവരെ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനവും വിപുലപ്പെടുത്തുന്നതാണ്. കേരളത്തിൽ പൊതുവെ വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് കണക്കിലെടുത്ത് എല്ലാ ജില്ലാ ആശുപത്രികളോടും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളോടും അനുബന്ധിച്ച് മെയിന്റനൻസ് ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തി വരുന്നു. |
| (ഡി) | കോട്ടപ്പടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

B. V. Kumar

സെക്ഷൻ ഓഫീസർ